(എഫ്) ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിലെ യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുവാനുള്ള അവസരമൊരുക്കുക, വിദേശ ഭാഷാപഠനം, വിദ്യാഭ്യാസരീതിയെക്കുറിച്ചുള്ള അറിവ് നേടൽ എന്നിവയ്ക്കൊപ്പം ഭാരതത്തിന്റെയും മലയാളികളുടെയും സാംസ്ക്കാരിക പൈതൃകവും, പാരമ്പര്യവും മറ്റ് രാജ്യങ്ങളിലെത്തിക്കുകയും കേരളത്തിന്റെ തനത് കലാരൂപങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നിവയുമാണ് അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽ നിന്നും 11 അംഗസംഘം 2-4-2009 മുതൽ 22-4-2009 വരെ ജർമ്മനി സന്ദർശിച്ചിട്ടുണ്ട്.

(സി) ഭാരതസർക്കാർ സംഘടിപ്പിച്ചുവരുന്ന ദേശീയ യുവജനോത്സവ പ്രതിഭകൾ, സംസ്ഥാന കേരളോത്സവ വിജയികൾ, യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവർ, സർവ്വകലാശാല യുവജനോത്സവ വിജയികൾ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽ നിന്നുമുള്ള 25 യുവാക്കൾ കേരളം സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

(ഇ) മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം പ്രോഗ്രാം നിലവിലുണ്ടോ എന്ന വിവരം അറിവില്ല.

(എഫ്) സ്വീകരിക്കുന്നതാണ്.

യുവശക്തി പദ്ധതി

6 (*666) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ യുവശക്തി പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന്, സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) യുവശക്തി പദ്ധതികളിൽ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) യൂത്ത് സെന്ററുകളുടെ പുരോഗതികൾ എന്തെല്ലാമാണ് ;

(ഇ) യുവശക്തി പദ്ധതികൾ നടപ്പാക്കുന്നതിന് യൂത്ത് സെന്ററുകളെ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) യൂത്ത് സെന്ററുകളുടെ ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ എക്സ്ചേഞ്ചുകളും, റോബർ ബാങ്കും രൂപീകരിക്കുമോ ?

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്, യുവജനക്ഷേമ പദ്ധതികൾ കൂടുതൽ ജനകീയമായി നടപ്പിലാക്കുന്നതിനും താഴെത്തട്ടിൽ പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനും യുവശക്തി പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ട്. 992 യൂത്ത് കോ-ഓർഡിനേറ്റർമാർ കേരളത്തിൽ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിയെടുക്കുന്നു. പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററുകൾ മുഖേന വിവിധ പദ്ധതികളിൽ കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇതുവഴി ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, തൊഴിലുറപ്പു പദ്ധതി എന്നീ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനും അതിനു വേണ്ടത്ര ഇടപെടുന്നതിനും സഹായകമായിട്ടുണ്ട്.

(ബി) യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. പഞ്ചവത്സര പദ്ധതിയിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുക.

2. ഉൽപ്പാദന മേഖലയിൽ ഉൾപ്പെടെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും യുവജനങ്ങളേയും യുവജന ക്ലബ്ബുകളേയും ഉപയോഗപ്പെടുത്തുക

3. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക.

4. സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും റോബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക

5. യുവാക്കളിൽ സാംസ്കാരിക ബോധം, ചരിത്രപഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക യുവജന സംഘടനകൾ, യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ യുവശക്തി പദ്ധതികളിൽ കൂടുതൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു *

(ഇ) യൂത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളും, പ്രസ്തുത കമ്മിറ്റി നിശ്ചയിക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ ഉപദേശക സമിതികളും യുവശക്തി പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്.

(എഫ്) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സംസ്ഥാനത്തെ തുണിമില്ലുകളുടെ നവീകരണം

7 (*667) ശ്രീ. എൻ. ശക്തൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തുണിമില്ലുകളുടെ നവീകരണത്തിനായി പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതൊക്കെ മില്ലുകളാണ് കേന്ദ്ര സഹായത്തോടെ നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനായി എത്ര കോടി രൂപയുടെ നവീകരണ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമാക്കുന്നത് ;

(ഡി) ഇതിന്റെ ഭാഗമായി വിജയമോഹിനി മിൽ, ലക്ഷ്മി മിൽസ്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly